## മധുരമായ കുട്ടികളേ - ജ്ഞാനം അമൃതാണ്, യോഗം അഗ്നിയാണ്. ജ്ഞാന-യോഗത്തിലൂടെ നിങ്ങളുടെ സർവ്വ ദു:ഖങ്ങളും വേദനകളും അകന്നു പോകും.

**ചോദ്യം**:- ഏത് രസം ജ്ഞാനത്തിലൂടെ ലഭിക്കുന്നു, ഭക്തിയിലൂടെ ലഭിക്കുന്നില്ല?
**ഉത്തരം**:- ജീവൻമുക്തിയുടെ രസം. ഭക്തിയിലൂടെ ആർക്കും ജീവൻമുക്തിയുടെ രസം ലഭിക്കുന്നില്ല. ബാബ എപ്പോഴാണോ വരുന്നത് അപ്പോൾ കുട്ടികൾക്ക് എന്ത് നിർദ്ദേശം നൽകുന്നുവോ അതാണ് ജ്ഞാനം. അതനുസരിച്ച് നടക്കുന്നതിലൂടെ സ്വർഗ്ഗത്തിലെ രാജ്യപദവി ലഭിക്കും.

**ഗീതം**:- ഭോലാനാഥനെപോലെ വിചിത്രം ആരുമില്ല......

**ഓംശാന്തി**. കുട്ടികളുടെ നിഷ്കളങ്കനായ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ശിവബാബയെ നിഷ്കളങ്കൻ എന്നു പറയുന്നു. ഏതെങ്കിലും ചിത്രം കണ്ടാലും കണ്ടില്ലെങ്കിലും ഓർമ്മിക്കുന്നത് നിഷ്കളങ്കനായ ബാബയെയാണ്. ശങ്കരനെയോ വിഷ്ണുവിനെയോ ബ്രഹ്മാവിനെയോ ഭോലാനാഥൻ എന്നു പറയില്ല. നിഷ്കളങ്കൻ എന്നു പറയുന്നതിലൂടെ മനുഷ്യരുടെ ബുദ്ധിയിൽ നിരാകാരനായ ശിവബാബയുടെ ചിത്രമാണ് വരുന്നത്. ഇപ്പോൾ ഇത് നിങ്ങൾ കുട്ടികൾ പ്രായോഗിക തലത്തിൽ മനസ്സിലാക്കികഴിഞ്ഞു. നിഷ്കളങ്കൻ എന്നു പറയുന്നതിലൂടെ ഭക്തി മാർഗ്ഗത്തിലുള്ളവരുടെ വായ മധുരിക്കില്ല. അവർ എത്ര തന്നെ മഹിമ ചെയ്താലും നാവിൽ മാധുര്യം ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ ശിവബാബയെ ഓർമ്മിക്കുന്നു. ശിവബാബയെ നിഷ്ക്കളങ്കൻ എന്നു പറയുന്നതിലൂടെ വായ മധുരിക്കും. ശിവബാബ നമ്മളെ പഠിപ്പിച്ച് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. അച്ഛൻ എന്നു പറയുന്നതിലൂടെ കുട്ടികൾക്ക് തീർച്ചയായും സമ്പത്തിന്റെ ഓർമ്മ വരും. നിങ്ങൾ കുട്ടികൾ അറിഞ്ഞുകഴിഞ്ഞു ഭോലാനാഥൻ ശിവബാബയാണ്. മനുഷ്യസൃഷ്ടിയുടെ ബീജരൂപൻ എന്ന് ബാബയെ തന്നെയാണ് പറയുന്നത്. സാധാരണ വൃക്ഷത്തിന് ഒരേയൊരു ബീജം മാത്രമാണ് ഉണ്ടാവുക. അതുപോലെ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിനും ഒരേയൊരു ബീജമാണ് ഉള്ളത്. അത് ശിവബാബയാണ്. ഈ ബീജത്തിലൂടെ വീണ്ടും മനുഷ്യ സൃഷ്ടി രചിക്കപ്പെടുന്നു. കാരണം അച്ഛനാണല്ലോ. ബാക്കിയെല്ലാവരും ആ അച്ഛന്റെ മക്കളാണ്. ഭക്തരുടെ ഭഗവാൻ ഒരേയൊരു ബാബ മാത്രമാണ്. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നു, പക്ഷേ പൂർണ്ണമായ അറിവില്ല. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. കുട്ടികളെ ഈ ജ്ഞാന - യോഗ ബലത്തിലൂടെ സദാ സുഖിയാക്കി മാറ്റിയതിനു ശേഷം ഞാൻ ഗുപ്തമായിരിക്കുന്നു. ജ്ഞാനസാഗരൻ ഒരേയൊരു ബാബ മാത്രമാണ്. എങ്ങനെയാണോ വെള്ളത്തിന്റെ സാഗരം അത് ഒന്നേയുള്ളൂ. അതിനെ വീതിച്ചുവെച്ചിരിക്കുന്നു. ഇത് ഇന്ത്യയുടെ സാഗരം, ഇത് ഇന്നവരുടെ സാഗരം.... വാസ്തവത്തിൽ സാഗരം ഒന്നു മാത്രമാണുള്ളത്. സത്യയുഗത്തിൽ ഈ സാഗരത്തെ വീതിക്കുന്നില്ല. ഒരേയൊരു സാഗരം മാത്രമായിരിക്കും ഉണ്ടാവുക. ഇതിന്റെ അധികാരി ആകുന്നവരാണ് നിങ്ങൾ. അവിടെ ഇത്രയധികം ഭൂഖണ്ഡങ്ങൾ ഉണ്ടാവുകയില്ല. അച്ഛന്റെ ഒരു രാജധാനി മാത്രമായിരിക്കും ഉണ്ടാവുക. ഒരു കാലത്ത് ഈ ഭാരതത്തിൽ സർവ്വശക്തിവാനായ ബാബയുടെ ഒരേയൊരു രാജ്യം മാത്രമാണ് ഉണ്ടായിരുന്നത്. ദേവീ ദേവതകളുടെ രാജ്യത്തെ ഭഗവാൻ- ഭഗവതിയുടെ രാജ്യമെന്നും പറയാറുണ്ട്. വിദേശികൾ ഗോഡ്-ഗോഡസ്സ് എന്നു പറയാറുണ്ട്. പക്ഷേ അവർക്കറിയില്ല അവർ എപ്പോഴാണ് രാജ്യം ഭരിച്ചതെന്നും എങ്ങനെയാണ് രാജ്യം നേടിയതെന്നും.
ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നു നമ്മുടെ മുൻപിൽ ജ്ഞാനസാഗരനായ ബാബയിരിക്കുന്നു. ബാബയിൽ നിന്നും ജ്ഞാനഗംഗകൾ ഉത്ഭവിച്ച് മുഴുവൻ വിശ്വത്തിനും സദ്ഗതി നൽകികൊണ്ടിരിക്കുന്നു. ഇതിനെ ജ്ഞാനാമൃതം എന്നും പറയാറുണ്ട്. അമൃത് എന്ന ശബ്ദത്തിൽ നിന്നാണ് പിന്നീട് പൂജാരിമാർ പാദങ്ങൾ കഴുകിയ വെള്ളത്തെ അമൃതാണെന്നു കരുതി കുടിക്കുന്നത്. വാസ്തവത്തിൽ അതിനെ അമൃത് എന്ന് പറയില്ല. ഇന്നത്തെ കാലത്ത് മരുന്നുകൾക്കും എല്ലാ ദുഖങ്ങളും ദൂരീകരിക്കപ്പെടും എന്നവകാശപ്പെട്ട് അമൃത് എന്ന പേരിടാറുണ്ട്. എന്നാൽ ആ കാര്യം ശരിയല്ല. ഇവിടെ ബാബ കുട്ടികൾക്ക് യോഗം പഠിപ്പിച്ചു തരികയാണ്. യോഗത്തെ അമൃത് എന്ന് പറയാറില്ല. യോഗാഗ്നിയിലൂടെ നിങ്ങളുടെ എല്ലാ അസുഖങ്ങളും 21 ജന്മത്തേക്കു ദൂരെയാകും. ഈ ജന്മത്തിന്റെ കാര്യമല്ല പറയുന്നത്, ഈ ജന്മത്തിന്റെ അന്ത്യം വരെ കർമ്മഭോഗ് അനുഭവിക്കേണ്ടതായിട്ടുണ്ട്. ഇവിടെ യോഗത്തിന്റെ കാര്യമാണ് പറയുന്നത്. ബാബ പറയുന്നു ഓർമ്മിക്കുകയാണെങ്കിൽ എല്ലാ അസുഖങ്ങളും ഇല്ലാതാകും. പിന്നീടൊരിക്കലും അസുഖം വരില്ല. നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നു ബാബയിൽ നിന്നും ആരോഗ്യവും സമ്പത്തും നേടുന്നതിനു വേണ്ടി. ഞാൻ നിങ്ങൾക്ക് ഇങ്ങനെയുള്ള കർമ്മമാണ് പഠിപ്പിച്ചുതരുന്നത് പിന്നീട് ഒരിക്കലും അസുഖം വരിക

യില്ല. പറയാറുണ്ട് വ്യാസഭഗവാൻ ശാസ്ത്രങ്ങൾ രചിച്ചതായി.... എന്നാൽ ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എന്നാൽ പേരു വന്നത് വ്യാസന്റേയും. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ ഡ്രാമയാണ്. എന്തെല്ലാം നിങ്ങൾ കണ്ടിട്ടുണ്ടോ അതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമാണ്. ഇതിൽ ഒരു മാറ്റവും സംഭവിക്കില്ല. ഭക്തി മാർഗ്ഗം ദ്വാപരയുഗം മുതൽ ആരംഭിക്കുന്നു. ആര് എത്ര തന്നെ ഭക്തി ചെയ്താലും ശാസ്ത്രങ്ങൾ പഠിച്ചാലും ആർക്കും തന്നെ തിരിച്ചുപോകാൻ സാധിക്കില്ല. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനം തീർച്ചയായും ആകുക തന്നെവേണം. ഈ കർമ്മക്ഷേത്രത്തിൽ നിന്നും ആർക്കും പുറത്തു കടക്കാൻ സാധിക്കില്ല. നിങ്ങൾക്കറിയാം നമ്മൾ സതോപ്രധാനമായിരുന്നു ഇപ്പോൾ നമ്മൾ തമോപ്രധാനമായിത്തീർന്നിരിക്കുകയാണ്. ഡ്രാമയനുസരിച്ച് ആകുക തന്നെ വേണം. ഭക്തി മാർഗ്ഗമാകുന്ന രാത്രി ആരംഭിക്കുമ്പോൾ അന്ധകാരമുണ്ടാകുന്നു. ഇപ്പോൾ എത്ര അന്ധകാരമുണ്ടോ, ഇത്രയും അന്ധകാരം മുൻപ് ഉണ്ടായിരുന്നില്ല. രാത്രിയുടെ അവസ്ഥയെപോലും ആദ്യം സതോപ്രധാനം, സതോ, രജോ, തമോപ്രധാനം എന്നു പറയാറുണ്ട്. പതുക്കെ പതുക്കെ കല കുറഞ്ഞുകുറഞ്ഞു ഘോരമായ അന്ധകാരമായിതീരാറുണ്ട്. ഇപ്പോൾ സൃഷ്ടിയിൽ മുഴുവനും പരിധിയില്ലാത്ത ഗ്രഹണം ബാധിച്ചിരിക്കുകയാണ്. പൂർണ്ണമായും ഘോര അന്ധകാരത്തിലാണ്. ഈ ചന്ദ്രന്റെ കാര്യമല്ല, ഇത് മുഴുവൻ വിശ്വത്തിന്റെ കാര്യമാണ്. രാവണന്റെ ഗ്രഹണം ബാധിച്ചിരിക്കുകയാണ്. ദ്വാപരയുഗം മുതൽ മുഴുവൻ വിശ്വത്തിനും ഗ്രഹണം ബാധിക്കാൻ തുടങ്ങി. പതുക്കെ പതുക്കെ ഗ്രഹണം ബാധിച്ച് 2500 വർഷം കൊണ്ട് അവസാനം ഭാരതം പൂർണ്ണമായും കറുത്തുപോയിരിക്കുന്നു. ഇപ്പോൾ പൂർണ്ണമായും ഘോര അന്ധകാരത്തിലാണ്. ഘോരമായ പ്രകാശം അർത്ഥം പകലാക്കി മാറ്റുന്നത് ഒരേയൊരു ബാബയാണ്. പതീതരെ പാവനമാക്കി മാറ്റുന്നത് ബാബയാണ്. മായാരാവണൻ പിന്നീട് അതിനെ രാത്രിയും ഘോര അന്ധകാരവുമാക്കിത്തീർക്കുന്നു. ഭക്തി ചെയ്ത് ഭഗവാനെ സ്മരണ ചെയ്തു വന്നു. ഭഗവാൻ, ഭഗവാനെ ഒരിക്കലും ഓർമ്മിക്കാറില്ല. ഈശ്വരൻ ഒന്നേയുള്ളൂ എന്നത് സർവ്വവ്യാപിയുടെ ജ്ഞാനികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. ഭഗവാൻ മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. ബാക്കിയെല്ലാവരും മക്കളാണ്. ഇങ്ങനെയുള്ള മഹിമ ഒരിക്കലും മക്കൾക്ക് ഉണ്ടാവുകയില്ല. അഥവാ ആരെങ്കിലും ആത്മാവ് തന്നെയാണ് പരമാത്മാവെന്നു പറയുകയാണെങ്കിൽ അവരുടെ മഹിമ പാടാൻ കഴിയില്ല. മഹിമ പാടുന്നത് ഒരേയൊരു ബാബയുടേതുമാത്രമാണ്. ബാബ പതീതപാവനനും മനുഷ്യസൃഷ്ടിയുടെ ബീജരൂപനും സത്യവും ചൈതന്യവുമാണ്. ആനന്ദത്തിന്റെ സാഗരനും ജ്ഞാനത്തിന്റെ സാഗരനുമാണ്. ഏതൊരാൾക്കും ഈ മഹിമ ഉണ്ടാകില്ല.

ജ്ഞാനത്തിലൂടെ ജീവൻ –മുക്തിയുടെ രസം ഒരു സെക്കന്റിൽ ലഭിക്കുന്നു. ഭഗവാനുവാച എന്ന വാക്ക് ഗീതയിൽ ഉണ്ടല്ലോ. യജ്ഞം, തപസ്സ്, തീർത്ഥയാത്ര എന്നിവ ചെയ്യുന്നതും വേദശാസ്ത്രങ്ങൾ പഠിക്കുന്നതും ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. ഇതിലൂടെയൊന്നും ആർക്കും എന്റെയടുത്തേക്ക് എത്തിച്ചേരാൻ കഴിയുകയില്ല. അവസാനം എല്ലാവർക്കും പാർട്ടഭിനയിക്കാൻ താഴേക്ക് വരേണ്ടതായിട്ടുണ്ട്. ഗോഡ്ഫാദർ ഒന്നേയുള്ളൂ. ഈശ്വരൻ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ആണ്. അതുകൊണ്ട് ബ്രഹ്മാവിലൂടെ സത്യയുഗീ ആദി– സനാതന ദേവീ– ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യിപ്പിക്കുന്നു. മനുഷ്യനെ ചെയ്യുന്നവനെന്നും ചെയ്യിപ്പിക്കുന്നവനെന്നും പറയാറില്ല. ഈശ്വരനെ മാത്രമാണ് രചയിതാവെന്നും സംവിധായകനെന്നും പറയാറുള്ളത്. കുട്ടികൾക്ക് നിർദ്ദേശം തന്നുകൊണ്ടേയിരിക്കുന്നു. നിർദ്ദേശത്തെയാണ് ജ്ഞാനമെന്നു പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് സ്വയം തന്നെ വന്ന് മനസ്സിലാക്കിത്തരുകയാണ്. ആത്മാവ് ഈ കണ്ണുകളിലൂടെയാണ് കാണുന്നത്. ഭൃകുടിയുടെ മദ്ധ്യത്തിലിരിക്കുന്നു, വായിലൂടെ സംസാരിക്കുന്നു. പരംപിതാ പരമാത്മാവും എപ്പോഴാണോ വരുന്നത് അപ്പോൾ വായിലൂടെ ജ്ഞാനം കേൾപ്പിക്കുന്നു. പറയാറുണ്ട് ഞാൻ ഈ രഥത്തിൽ സാരഥിയായി ഇരിക്കുന്നു. നിങ്ങൾക്ക് സഹജമായ രാജയോഗം പഠിപ്പിച്ചുതരുന്നു. നിങ്ങൾ രാജഋഷികളാണ്. ഇങ്ങനെ ഒരു മനുഷ്യനും പറയാൻ കഴിയില്ല, അതായത് അല്ലയോ ഓമനയായ മക്കളേ, നിങ്ങൾ രാജഋഷികളാണ്. കേവലം ബാബയ്ക്കല്ലാതെ മറ്റാർക്കും ധൈര്യം ഇല്ല സംസാരിക്കാൻ. അല്ലയോ മക്കളേ, എന്ന് ബാബയ്ക്കു മാത്രമേ പറയാൻ സാധിക്കൂ. ബ്രഹ്മാവിന്റെ ആത്മാവും കേൾക്കുന്നുണ്ട്, ഈ ബ്രഹ്മാവിനോടും പറയാറുണ്ട് അല്ലയോ കുട്ടി നീ രാജഋഷിയാണ്. രാജ്യപദവിക്കുവേണ്ടി എനിക്കു നിങ്ങളെ പഠിപ്പിക്കേണ്ടതുണ്ട്. 5000 വർഷങ്ങൾക്കു മുമ്പും ഞാൻ നിങ്ങളെ പഠിപ്പിച്ചിരുന്നു. ഓരോ 5000 വർഷത്തിനു ശേഷവും ഞാൻ നിങ്ങളെ പഠിപ്പിക്കാൻ വരുന്നു. ഇങ്ങനെ ഒരു സന്യാസിമാർക്കും പറയാൻ സാധിക്കില്ല. ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ബാബയെ തോണിക്കാരനെന്നും പറയാറുണ്ട്. നിങ്ങളെ വിഷയസാഗരത്തിൽ നിന്നും മോചിപ്പിച്ച് ക്ഷീരസാഗരത്തിലേക്ക് കൊണ്ടുപോകുന്നു. നിങ്ങൾ വളരെ വിശ്രമത്തോടുകൂടി ഇരിക്കും.

ഇപ്പോൾ നിങ്ങൾക്കറിയാം ബാബ പറയാറുണ്ട് ഞാൻ ബ്രഹ്മാവിന്റെ ശരീരത്തിലേക്കാണ് പ്രവേശിക്കുന്നത്. പിന്നീട് ഈ ബ്രഹ്മാവും സരസ്വതിയും വിഷ്ണുവായി തീരുന്നു. നിങ്ങൾ വിഷ്ണുപുരിയുടെ അധികാരിയായി മാറുന്നവരാണല്ലോ. ഇത് ഗുപ്തമായ കാര്യങ്ങളാണ്. നിങ്ങൾ കുട്ടികൾ മാത്രമാണ് ഇത് അറി

യുന്നത് മറ്റാർക്കും ഇതറിയുകയില്ല. ആദ്യമാദ്യമായി വരുന്നവർക്ക് മനസ്സിലാക്കി കൊടുക്കണം ഈശ്വരൻ ഒന്നേയുള്ളൂ. അപ്പോൾ തീർച്ചയായും ഇത്രയുംപേർ ഈശ്വരന്റെ മക്കളാണ്. പരംപിതാ പരമാത്മാവ് ഒന്നേയുള്ളൂ. പരമാത്മാവ് മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. എല്ലാ ഭക്തരുടേയും ഭഗവാൻ എല്ലാവർക്കും സുഖം നൽകുന്നുവനാണ്. ഇവിടെ കലിയുഗത്തിൽ വളരെയധികം ദുഖമാണുള്ളത്. മനുഷ്യരെല്ലാവരും നിലവിളിച്ചുകൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ദുഖത്തിന്റെ കാര്യംതന്നെയില്ല. ഇവിടെ മുഴുവൻ ലോകത്തിലും ധാരാളം ഭക്തരാണുള്ളത്. ഈ ക്ഷേത്രങ്ങളും പള്ളികളുമെല്ലാം ഭക്തിമാർഗ്ഗത്തിന്റെ സാമഗ്രികളാണ്. സത്യയുഗത്തിൽ ഇതൊന്നും ഉണ്ടാവുകയില്ല. അത് ഭക്തി മാർഗ്ഗമാണ്, ഇത് ജ്ഞാനമാർഗ്ഗമാണ്. അജ്ഞാനത്തിന്റെ രാത്രി ആരംഭിച്ചപ്പോൾ ആദ്യമാദ്യം സോമനാഥന്റെ ക്ഷേത്രമുണ്ടാക്കി. നിങ്ങളുടെ അടുത്തേക്ക് ആരെങ്കിലും ആദ്യമാദ്യം വരുകയാണെങ്കിൽ അവർക്കു മനസ്സിലാക്കിക്കൊടുക്കൂ, ഈശ്വരൻ ഒന്നേയുള്ളൂ. ഭാരതത്തിൽ മാത്രമാണ് ഇങ്ങനെ പാടാറുള്ളത്, നീ തന്നെയാണ് മാതാവും പിതാവും.... ഇതാണ് മാതാവിന്റേയും പിതാവിന്റേയും രാജ്യം. ജഗദംബയും ജഗദ്പിതാവും രണ്ടുപേരുമുണ്ട്. ദിൽവാഡാ ക്ഷേത്രവും വളരെ ശരിയായ രീതിയിലാണ് ഉണ്ടാക്കിയിട്ടുള്ളത്. ലക്ഷ്മി നാരായണന്റെ ചിത്രവും ക്ഷേത്രങ്ങളിൽ ശരിയായ രീതിയിൽ തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ യഥാർത്ഥ ചിത്രം ആർക്കും തന്നെ ഉണ്ടാക്കാൻ കഴിയില്ല. ഏതെങ്കിലും അഭിനേതാവിന്റെ ചിത്രമെടുത്ത് ഉണ്ടാക്കുന്നു. അവർ രാജ്യം ഭരിച്ചിരുന്നത് സത്യയുഗത്തിലാണ്. മനുഷ്യർ പറയാറുണ്ട് സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടായിരുന്നു. ലക്ഷ്മീ നാരായണന്റെ കുട്ടിക്കാലത്തെ ഒരു ചരിത്രവുമില്ല. രാധയുടേയും കൃഷ്ണന്റേയും ഉണ്ട്. കൃഷ്ണ ജന്മാഷ്ടമി ആഘോഷിക്കാറുണ്ട്. എന്നാൽ നാരായണ അഷ്ടമി എവിടെപ്പോയി? കൃഷ്ണനെ ദ്വാപരയുഗത്തിലാണ് കാണിച്ചിരിക്കുന്നത്. രാധയും കൃഷ്ണനും രാജകുമാരനും രാജകുമാരിയുമാണ്. രണ്ടുപേരും അവരവരുടേതായ രാജധാനിയിലാണ് ഇരിക്കുന്നത്. പിന്നീട് തീർച്ചയായും അവരുടെ സ്വയംവരം നടന്നിട്ടുണ്ട്. അതുകൊണ്ടാണ് രാജ്യസിംഹാസനത്തിലിരിക്കുന്നത്. രാധയ്ക്കും കൃഷ്ണനും രാജ്യമൊന്നുമില്ല. സൂര്യവംശി, ചന്ദ്രവംശി കുലമുണ്ട്. ചന്ദ്രവംശത്തിലേക്ക് സൂര്യവംശീ കൃഷ്ണന് വരാൻ സാധിക്കില്ല. മനുഷ്യർ വലിയ സംശയത്തിലകപ്പെട്ടിരിക്കുന്നു. അതിനാൽ ആദ്യമാദ്യം മനസ്സിലാക്കിക്കൊടുക്കണം, ഗോഡ്ഫാദർ ഒന്നേയുള്ളൂ. ലൗകീക അച്ഛൻ പരിധിയുള്ള അച്ഛനാണ്. സ്ത്രീയെ ഭാര്യയാക്കുന്നു. പിന്നീട് ഭാര്യയിലൂടെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു. സ്ത്രീയെ ദത്തെടുക്കുകയാണ് ചെയ്യുന്നത്, അല്ലാതെ ജന്മം കൊടുക്കുന്നില്ല. പരിധിയില്ലാത്ത അച്ഛനും പറയുന്നു, ഞാൻ ഈ ബ്രഹ്മാവിൽ പ്രവേശിച്ച് ബ്രഹ്മാവിനെത്തന്നെ ദത്തെടുക്കുന്നു. ഭഗവാൻ എങ്ങനെയാണ് ഈ സൃഷ്ടി രചിച്ചത്! ഇത് ആർക്കും അറിയില്ല. പ്രളയത്തിനു ശേഷം സാഗരത്തിൽ നിന്നും ശ്രീ കൃഷ്ണൻ ആലിലയിൽ വരുന്നതായി പറയുന്നുണ്ട്. എന്നാൽ ഇങ്ങനെയൊന്നും സംഭവിക്കുന്നില്ല. അഥവാ ഇങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ ഒറ്റയ്ക്ക് കൃഷ്ണൻ എങ്ങനെ സൃഷ്ടി രചിക്കും. രണ്ടുപേരുടെ ആവശ്യമുണ്ട്. സ്ത്രീയും വേണം. പക്ഷേ അങ്ങനെയുള്ള ഒരു കാര്യം തന്നെയില്ല. ബാബ പറയുന്നു ഞാൻ ദത്തെടുക്കുന്നു. നിങ്ങളെല്ലാവരും പറയാറുണ്ട് – ബാബാ ഞങ്ങൾ അങ്ങയുടെ മുഖവംശാവലികളാണ്. ഞാൻ ഈ മുഖത്തെ ആധാരമാക്കിയെടുക്കുന്നു. എന്നിട്ട് വിളിക്കുന്നു –അല്ലയോ മക്കളേ. അല്ലയോ ശിവബാബ ഞങ്ങൾ അങ്ങയുടെ സന്താനങ്ങളായിരുന്നു, വീണ്ടും ആയിരിക്കുകയാണ്. ബാബ പറയുന്നു, നിങ്ങൾ കുട്ടികൾക്ക് വേണ്ടി ഞാൻ വൈകുണ്ഠത്തിന്റെ സമ്മാനവുമായി വന്നിരിക്കുകയാണ്. നിങ്ങൾ ഇവിടെ ഇരിക്കുന്നത് സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നതിനു വേണ്ടിയാണ്. ഇത് രാജയോഗമാണ്. ഇതിലൂടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ധർമ്മസ്ഥാപകർ ഇങ്ങനെ പറയാറില്ല ഞാൻ ക്രിസ്ത്യൻ രാജധാനിയാണ് സ്ഥാപിക്കുന്നത്, അല്ലെങ്കിൽ സിക്ക് രാജധാനിയാണ് സ്ഥാപിക്കുന്നത് എന്ന്. നിങ്ങൾ പുതിയ ലോകത്തിൽ രാജകീയ പദവി നേടുന്നതിനു വേണ്ടിയുള്ള പഠിപ്പാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഇത് അത്ഭുതമല്ലേ. ഗോഡ്ഫാദർ സ്വർഗത്തിന്റെ രചയിതാവാണ്. അതുകൊണ്ട് തീർച്ചയായും ബാബയിൽ നിന്ന് നമുക്ക് സ്വർഗ്ഗത്തിന്റെ രാജധാനി നേടുന്നതിന്റെ അവകാശമുണ്ട്. സത്യയുഗത്തിൽ രാജധാനി ഉണ്ടായിരുന്നു. മനുഷ്യ സൃഷ്ടി എങ്ങനെയാണ് രചിക്കുന്നത് എന്ന് ഇപ്പോൾ നിങ്ങൾ അറിഞ്ഞുകഴിഞ്ഞു. ഭഗവാനുവാചാ– ഇതാണ് എന്റെ മുഖവംശാവലി. ബാക്കിയെല്ലാവരും രാവണന്റെ കുഖവംശാവലികളാണ്. ആ ബ്രാഹ്മണരും കുഖവംശാവലികളാണ്, നിങ്ങൾ മുഖവംശാവലികളാണ്. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും, ബ്രഹ്മാവിന്റെ സന്താനങ്ങൾ തീർച്ചയായും ബ്രാഹ്മണരായിരിക്കുമല്ലോ. ബ്രാഹ്മാവാണ് പ്രജാപിതാബ്രഹ്മാവ്. അപ്പോൾ അദ്ദേഹത്തിന്റെ സന്താനങ്ങളും ബ്രാഹ്മണരാണ്. ബ്രാഹ്മണന്റെ മക്കളും ബ്രാഹ്മണരായിരിക്കുമല്ലോ. നിങ്ങൾ തന്നെയാണ് ബ്രഹ്മാവിന്റെ സത്യമായ ബ്രാഹ്മണ സന്താനങ്ങൾ. ബ്രാഹ്മണർ ഏറ്റവും ഉയർന്നവരാണ്. ബ്രാഹ്മണരെ കുടുമിയിലാണ് വെച്ചിരിക്കുന്നത്. എങ്ങനെയാണോ ഉയർന്നതിൽ ഉയർന്ന ഭഗവാൻ ശിവബാബയെ ത്രിമൂർത്തിയിൽ നിന്നും എടുത്തുമാറ്റിയിരിക്കുന്നത് അതുപോലെ ഉയർന്നതിലും ഉയർന്ന ബ്രാഹ്മണരെയും കുടുമിയിൽ നിന്നും എടുത്തു മാറ്റിയിരിക്കുന്നു. വിരാട രൂപത്തിൽ ബ്രാഹ്മണരെ കാണിക്കുന്നില്ല. കേവലം പറയാറുണ്ട് ദേവത, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ....... ആദ്യമാദ്യം

കാണിക്കേണ്ടത് നിങ്ങൾ ബ്രാഹ്മണരെയാണ്. നിങ്ങൾ എത്ര വലിയ സേവനമാണ് ചെയ്യുന്നത്. ഉയർന്നതിലും വെച്ച് ഉയർന്നത് ഭഗവാനാണ്. പിന്നീട് ഉയർന്നത് ഭഗവാനിലൂടെ ജന്മമെടുത്ത നിങ്ങൾ കുട്ടികളും. ശിവബാബ പുതിയ സൃഷ്ടിയിൽ വരുന്നതേയില്ല. നിങ്ങൾ വരുന്നു. ശിവബാബ പറയുന്നു – ഞാൻ നിങ്ങൾക്ക് രാജ്യം നൽകുന്നു. പിന്നീട് എന്റെ പേരു തന്നെ ഗുപ്തമാകുന്നു. ഞാൻ മറഞ്ഞിരിക്കുന്നു. ഞാൻ എന്തു ചെയ്തുവെന്നും സൃഷ്ടി എങ്ങനെ രചിച്ചുവെന്നും ആർക്കും അറിയില്ല.
ഇനി മുതൽ പുതിയവരാരെങ്കിലും വരികയാണെങ്കിൽ കൂടുതൽ തലയിട്ടുടയ്ക്കേണ്ട ആവശ്യമില്ല. ആദ്യമാദ്യം ശിവബാബയുടെ പരിചയം കൊടുക്കൂ. ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ദേവതകൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. പിന്നീട് 84 ജന്മങ്ങൾ എടുത്തെടുത്ത് അവർ ഇപ്പോൾ ശൂദ്ര വർണ്ണത്തിലായിരിക്കുകയാണ്. വീണ്ടും അവരെ ബ്രാഹ്മണരാക്കി മാറ്റുന്നു. വർണ്ണങ്ങളും ഉണ്ടല്ലോ. വിരാട രൂപത്തിന്റെ ചിത്രങ്ങളും ഉണ്ട്. ബ്രാഹ്മണരുടെ കുടുമയ്ക്കു മുകളിൽ ശിവബാബയേയും കാണിക്കേണ്ടതുണ്ട്. എങ്ങനെയാണോ ത്രിമൂർത്തിയുടെ ചിത്രത്തിന്റെ മുകളിൽ ശിവബാബയെ കാണിക്കുന്നത്, അതുപോലെ ബ്രാഹ്മണരുടെ ചിത്രത്തിന്റെ മുകളിലും ശിവബാബയെ കാണിക്കേണ്ടതുണ്ട്. മനസ്സിലാക്കിക്കൊടുക്കണം ശിവബാബ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിക്കുന്നു. ആ ബ്രാഹ്മണർ പിന്നീട് ദേവതയും ക്ഷത്രിയരും വൈശ്യരും ശൂദ്രരുമായി മാറുന്നു. ആദ്യമാദ്യം ഏതൊരാൾക്കും അള്ളാഹുവിനെ മനസ്സിലാക്കിക്കൊടുക്കണം. ബാബ ഈ ബ്രഹ്മാവിലൂടെ സൃഷ്ടി രചിക്കുകയാണ്. അതുകൊണ്ട് എല്ലാവരും സഹോദരീ സഹോദരരാകുന്നു. ശിവന്റെ സന്താനങ്ങൾ എല്ലാവരും ആത്മാക്കളാണ്. പിന്നീട് മനുഷ്യ സൃഷ്ടി രചിക്കുമ്പോൾ ബ്രഹ്മാവും സരസ്വതിയും ബ്രാഹ്മണരായിമാറുന്നു. പിന്നീട് ദേവത, ക്ഷത്രിയർ......... ആയിത്തീരുന്നു. ഇങ്ങനെ ഈ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷം വൃദ്ധി പ്രാപിക്കുന്നു. പിന്നീട് അങ്ങനെയുള്ള ബാബയെ എല്ലാവരും മറന്നുപോകുന്നു. നോക്കൂ ബാപ്ദാദ എത്ര വിശദീകരിച്ച് മനസ്സിലാക്കിത്തരുന്നു. കുട്ടികൾക്കും അതുപോലെ പഠിക്കേണ്ടതുണ്ട്.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) നമ്മൾ രാജഋഷികളാണ്. സ്വയം ഭഗവാൻ നമ്മളെ രാജയോഗം പഠിപ്പിച്ച് രാജപദവിയുടെ സമ്പത്ത് നൽകുന്നു. ഈ ലഹരിയിൽ ഇരിക്കണം.

2) യോഗാഗ്നിയിലൂടെ വികർമ്മങ്ങളെ ഭസ്മമാക്കി എല്ലാ അസുഖങ്ങളിൽ നിന്നും സദാ കാലത്തേക്ക് മുക്തരാകണം. ഈ ജന്മത്തിലെ കർമ്മഭോഗിനെ ഓർമ്മയിൽ ഇരുന്ന് തീർക്കണം.

### വരദാനം:- പവിത്രതയുടെ വിശേഷ ധാരണയിലൂടെ അതീന്ദ്രിയ സുഖത്തിന്റെ അനുഭവം പ്രാപതമാക്കുന്ന ബ്രഹ്മാചാരിയായി ഭവിക്കൂ

ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷ ധാരണ പവിത്രതയാണ്, ഇതാണ് അതീന്ദ്രിയ സുഖത്തിന്റെയും സ്വീറ്റ് സൈലൻസിന്റെയും ആധാരം. പവിത്രത കേവലം ബ്രഹ്മചര്യമല്ല എന്നാൽ സദാ ബ്രഹ്മാചാരി അർത്ഥം ബ്രഹ്മാബാബയുടെ ആചരണങ്ങളിലൂടെ ഓരോ ചുവടും വയ്ക്കുന്നവർ. സങ്കൽപം, വാക്ക്, കർമ്മമാകുന്ന ചുവട് ബ്രഹ്മാബാബയുടെ ചുവടിൻ മേൽ ചുവടായിരിക്കണം, ഇങ്ങനെ ആരാണോ ബ്രഹ്മാചാരി അവരുടെ മുഖവും പെരുമാറ്റവും സദാ അന്തർമുഖവും അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതിയും ചെയ്യിക്കും.

### സ്ലോഗൻ:- സേവനത്തിൽ ത്രികാല ദർശിയുടെ സെൻസും ആത്മീയതയുടെ എസൻസും നിറക്കുന്നവർ തന്നെയാണ് സർവ്വീസബിൾ.